# കേരള സർക്കാർ

പൊതുവിദ്യാഭ്യാസ (എം) വകുപ്പ്,
തിരുവനന്തപുരം,

നം: 44879/എം.2/06/പൊ.വി.വ. തീയതി: 28.8.2006

## സർക്കുലർ

വിഷയം: പൊതുവിദ്യാഭ്യാസം - വിദ്യാലയങ്ങളിൽ പഠന സഹായികൾ വില്പന നടത്തുന്നതു - സംബന്ധിച്ച്.

സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ വിവിധ പഠന സഹായികൾ അദ്ധ്യാപകർ മുഖേന വില്പന നടത്തുന്നുവെന്നും ഇത് ഉപയോഗിച്ച് പാഠ്യവിഷയങ്ങൾ പഠിക്കുന്നുവെന്നും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടു. അദ്ധ്യാപകരുടെ പ്രൊഫഷണലിസത്തിനും ആത്മാർത്ഥതയ്ക്കും യോജിക്കാത്ത ഈ പ്രവൃത്തി സർക്കാർ ഗൗരവമായി കാണുന്നു. നിലവിലുള്ള പാഠ്യപദ്ധതികൊണ്ടുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് വിഘാതമായ ഇത്തരം പ്രവർത്തനങ്ങൾ ഒരു കാരണവശാലും വിദ്യാലയങ്ങളിൽ അനുവദനീയമല്ല എന്ന് ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർക്കും, ഹെഡ്മാസ്റ്റർമാർക്കും, അദ്ധ്യാപകർക്കും കർശന നിർദ്ദേശം നൽകുന്നു.

വൈ. ജോൺ
അഡിഷണൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും
എല്ലാ ജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
പൊതുവിദ്യാഭ്യാസ വകുപ്പിലെ ഓഫീസർമാർക്കും സെക്ഷനുകൾക്കും

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: വിദ്യാഭ്യാസ വകുപ്പു മന്ത്രിയുടെ പ്രൈവറ്റ്സെക്രട്ടറി
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പു ഡയറക്ടർ
(പത്രക്കുറിപ്പ് നൽകുന്നതിന്)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് ഡയറക്ടർ
(വെബ്സൈറ്റിൽ നൽകുന്നതിന്)